LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സർക്കാരിന്റെ വിവിധ പൊതുമേഖല-സ്വയംഭരണ സ്ഥാപനങ്ങൾ, പരസ്യം പ്രസിദ്ധീകരിക്കുമ്പോൾ ചെലവാകുന്ന തുക ടി സ്ഥാപനങ്ങൾ തന്നെ വഹിക്കുന്നതാണെന്ന് ഉറപ്പ് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പത്രങ്ങൾക്ക് പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നും റിലീസ് ഓർഡർ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ പത്രങ്ങളിൽ ടി പരസ്യങ്ങൾ പ്രസിദ്ധീകരിക്കുകയുമാണ് ചെയ്തുവരുന്നത്. പരസ്യം പ്രസിദ്ധീകരിച്ചതിനുശേഷം വിവിധ പത്രസ്ഥാപനങ്ങൾ ബില്ലുകൾ നേരിട്ട് പൊതുമേഖല-സ്വയംഭരണ സ്ഥാപനങ്ങൾക്ക് അയച്ചുകൊടുക്കുകയും ചെലവായ തുക ടി സ്ഥാപനങ്ങൾ പത്ര മാധ്യമങ്ങൾക്ക് അനുവദിച്ചു കൊടുക്കുകയുമാണ് ചെയ്തുവരുന്നത്. അതിനാൽ വകുപ്പിൽ ടി സ്ഥാപനങ്ങൾക്ക് പരസ്യ ഇനത്തിൽ ചെലവായ തുകയുടെ ക്രോഡീകരിച്ച കണക്ക് ലഭ്യമല്ല.

നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി

15 (3646) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുകയില്ലായെന്ന് പ്രതിപക്ഷ യുവജന സംഘടനകൾക്ക് സർക്കാർ ഉറപ്പുനൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വിരമിക്കൽ പ്രായം വർദ്ധിപ്പിക്കാതെയും നിയമന നിരോധനം പിൻവലിച്ചും പരമാവധി ഒഴിവുകൾ നികത്തുന്നതിനായി നിയമനം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) യുവജന സംഘടനകളെ വിശ്വാസത്തിലെടുത്തുമാത്രമേ വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുകയുള്ളൂ എന്ന് ഉറപ്പുനൽകിയിട്ടുണ്ട്.

(ബി) ഒഴിവുകളിലേക്കുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.